# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

ഓൺലൈൻ അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയം, തസ്വഭവ ,കോട്ടയം

15.07.2024 11.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Jipson, Asst.Executuve Engineet,Ettumanoor Block Panchayath
3. Amithamol P Asst.Executuve Engineet,Pallom Block Panchayath
4. Vishnuprasad U Asst. Town Planner LSGD Kottayam
5. Sureshkumar Asst.Executuve Engineet,Madappally Block Panchayath

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

1. ലീലാമ്മ എ ജെ – വാകത്താനം – ലാൻഡ് ഡെവലപ്മെൻറ് പെർമിറ്റുമായി ബന്ധപ്പെട്ട രേഖകൾ ശരിയാക്കിയെങ്കിലും പഞ്ചായത്തിൽ നിന്ന് നടത്തിയ അന്വേഷണത്തിൽ മകളുടെ പേരിലുള്ള സ്ഥലത്തേക്ക് ഒരു മുറി അധികം പണിയുകയുണ്ടായി എന്ന് മനസ്സിലാക്കുന്നു. ലൈഫ് മിഷൻ വഴി ലഭിച്ച വീട് ആയതിനാൽ ലീലാമ്മയുടെ പേർക്ക് പെർമിറ്റ് നൽകാൻ കഴിയുമോ എന്ന് വ്യക്തത വരുത്താൻ ഈ പരാതി ജില്ലാ അദാലത്തിലേക്ക് Escalate ചെയ്യാൻ തീരുമാനിച്ചു. ജില്ലാ ലൈഫ് മിഷനിലേക്ക് വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് കത്തയക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു.
2. പി എച്ച് നസറുദ്ദീൻ – ചങ്ങനാശ്ശേരി – നികുതി പുനർ നിർണയിക്കാനുള്ള അപേക്ഷയാണ് പരാതിക്കാരൻ നൽകിയിരിക്കുന്നത്. എന്നാൽ നികുതി നിർണയിച്ചിരിക്കുന്നത് ശരിയായിട്ടാണ് എന്ന് മുനിസിപ്പാലിറ്റിയിൽ നിന്ന് അറിയിച്ചു. സഞ്ചയയിൽനിന്ന് നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ ഈ ഓഫീസിലേക്ക് അയച്ചു നൽകാനും പരാതിക്കാരന് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കത്ത് നൽകാനും നിർദ്ദേശിച്ചു. പരാതിക്കാരൻ ഹാജരായില്ല.
3. ജോൺസൺ ജോബ് – നികുതി പുനർനിർണയിക്കുന്നത് സംബന്ധിച്ചാണ് പരാതി നൽകിയിരുന്നത് പരാതിക്കാരൻ ഹാജരായില്ല. ആവശ്യമെങ്കിൽ നികുതി പുനർനിർണിച്ചു നൽകാനും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരാതിക്കാരന് കത്ത് നൽകാനും നിർദേശിച്ചു.
4. ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മാനേജർ സമർപ്പിച്ച പരാതി പരിഗണിച്ചു. സ്ത്രീ ശാക്തീകരണവും ആതുര സേവനവും ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്റ്റിച്ചിങ് യൂണിറ്റിന് മേൽക്കൂര മാറ്റാനും 130 സ്ക്വയർ മീറ്റർ വലുപ്പമുള്ള ഒരു ചെറിയ എക്സ്റ്റൻഷൻ ചെയ്യാനും സമർപ്പിച്ചിരുന്ന പെർമിറ്റിന്റെ അപേക്ഷ പരിഗണിച്ച് പെർമിറ്റ് നൽകിയിട്ടില്ല എന്നതാണ് പരാതി. മാസ്റ്റർ പ്ലാൻ ലംഘിക്കുന്നതിനാലും കെട്ടിടം ഇരിക്കുന്ന സോണിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള സ്ഥലം അനുവദിക്കുന്നതിന് തടസ്സം ഉള്ളതിനാലും ആണ് പെർമിറ്റ് നൽകാൻ കഴിയാത്തത് എന്ന് അസി.എൻജിനീയർ അറിയിച്ചു. ഫയലിന്റെ വിശദാംശങ്ങൾ

അദാലത്തിന് അയച്ചു നൽകാനും ആയത് പരിഗണിച്ച ശേഷം സർക്കാരിലേക്ക് പ്രത്യേക അനുമതിക്കായി എഴുതാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാനും തീരുമാനിച്ചു. പരാതിക്കാരന് നിലവിലെ സ്ഥിതി വിവരിച്ചുകൊണ്ട് വ്യക്തമായ കത്ത് നൽകാനും നിർദേശിച്ചു.

5. ശ്യാംകുമാർ – വിജയപുരം – 25.05.2023 ൽ കെട്ടിട നമ്പർ ലഭിക്കാനുള്ള അപേക്ഷ നൽകിയിരുന്നതിൽ മേൽ നടപടി എടുക്കുന്നതിൽ വലിയ കാലതാമസം നേരിട്ടുവെന്നും ആയതിനാൽ മനപ്രയാസം ഉണ്ടായിരുന്നു എന്നും പരാതിക്കാരൻ പറഞ്ഞു. ആയതിൻമേൽ അന്വേഷണം നടത്തണമെന്നും ഫയൽ വെച്ച് താമസിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പ്രവണത ഉണ്ടോ എന്ന് പരിശോധിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു. പരാതിക്കാരന്റെ ഫയലിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചു. നിലവിൽ അനുവദനീയമായ സമയത്തിനു ശേഷവും കൊടുക്കാൻ സാധിച്ചിട്ടില്ലാത്ത എത്ര അപേക്ഷകൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടു.
6. സിസി മോൾ ജോസഫ് – സ്പെഷ്യൽ റെസിഡൻസ് പെർമിറ്റിനു വേണ്ടിയാണ് പരാതിക്കാരി അപേക്ഷ സമർപ്പിച്ചിരുന്നത് എന്നാൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് സാധാരണ വാസഗൃഹം ആയിട്ടാണ്. അതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചു. ഇപ്പോൾ നൽകിയിരിക്കുന്ന പെർമിറ്റ് റദ്ദ് ചെയ്ത് വിനിയോഗ ഗണം മാറ്റി ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Dr.ചിത്ര പി അരുണിമ KAS
ഇന്റേണൽ വിജിലൻസ് ഓഫീസർ